"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം - വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീമതി. ശ്രീലക്ഷ്മി.ജി നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1636/2025/LSGD തിരുവനന്തപുരം,തീയതി, 02-07-2025

പരാമർശം:-

1. സ.ഉ.(സാധാ)നം.2290/2024/തസ്വഭവ തീയതി: 25.11.2024
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.04.2025-ലെ LSGD/PD/5955/2025-DEA1നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററായി സേവനമനുഷ്ഠിച്ചുവരവെ ശ്രീമതി. ശ്രീലക്ഷ്മി.ജി, അസിസ്റ്റന്റ് ഡയറക്ടർ 20.06.2024 മുതൽ 17.10.2024 വരെ ആർജ്ജിത അവധിയിൽ പ്രവേശിച്ചിരുന്നു. ടിയാൾ ആർജ്ജിത അവധി പൂർത്തീകരിച്ച് 18.10.2024 തീയതിയിൽ ഉചിതനിയമനത്തിനായി തിരികെ മാതൃവകുപ്പിൽ പ്രവേശിക്കുകയുണ്ടായി. പരാമർശം (1)പ്രകാരം ടിയാളെ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ആഫീസർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ നിയമിക്കുകയും 26/11/2024-ൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. ശ്രീലക്ഷ്മി.ജി നിയമനത്തിനായി കാത്തുനിന്ന 18.10.2024 മുതൽ 25.11.2024 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി. ശ്രീലക്ഷ്മി.ജി നിയമനത്തിനായി കാത്തുനിന്ന 18.10.2024 മുതൽ 25.11.2024 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം I ചട്ടം 12(7)ന്റെ ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ശ്രീലക്ഷ്മി.ജി, അസിസ്റ്റന്റ് ഡയറക്ടർ, (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by

Suja. M

Date: 02-07-2025 12:37:20

സെക്ഷൻ ഓഫീസർ